# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

## പത്രക്കുറിപ്പ്

### എം.ബി.എ ഫുൾ ടൈം/പാർട്ട് ടൈം പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

കാലിക്കറ്റ് സർവ്വകലാശാല കോമേഴ്സ് ആന്റ് മാനേജ്മെന്റ് സ്റ്റഡീസ് പഠനവകുപ്പ്, സർവ്വകലാശാല സ്വാശ്രയ സെന്ററുകൾ (ഫുൾ ടൈം/പാർട്ട് ടൈം), സ്വാശ്രയ കോളേജുകൾ എന്നിവയിൽ എം.ബി.എ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. സർവ്വകലാശാലാ ഫണ്ടിലേക്ക് ഇ-പെയ്മെന്റായി 525 രൂപ (SC/ST 177 രൂപ) ഫീസടച്ച് മാർച്ച് 20 ന് മുമ്പ് ഓൺലൈനായി രജിസ്റ്റർ ചെയ്യണം. **സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് ക്വോട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്നവരും നിശ്ചിത ഫീസടച്ച് ഓൺലൈൻ രജിസ്റ്റർ ചെയ്യണം.** യോഗ്യത - കാലിക്കറ്റ് സർവ്വകലാശാലയുടെ അല്ലെങ്കിൽ എ.ഐ.സി.ടി.ഇ/UGC അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും സർവ്വകലാശാലയുടെ/ സ്ഥാപനത്തിന്റെ 50% ൽ കുറയാത്ത മാർക്കോടെയുള്ള ബിരുദം. ബിരുദഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. ബിരുദ യോഗ്യത മാർക്ക് ലിസ്റ്റിന്റെ ഒറിജിനൽ 2019 സപ്തംബർ 30 നകം സമർപ്പിക്കേണ്ടതാണ്. മറ്റു സർവ്വകലാശാലകളിൽ/ സ്ഥാപനത്തിൽ നിന്നുള്ള ബിരുദധാരികൾ റഗുലർ സ്ട്രീമിൽ (10+2+3 അല്ലെങ്കിൽ 10+2+4) പഠനം പൂർത്തീകരിച്ചവരായിരിക്കണം. അപേക്ഷകർ KMAT Kerala, CMAT, CAT യോഗ്യത നേടിയിരിക്കണം. അപേക്ഷയുടെ പ്രിന്റൗട്ട്, അസൽ ചലാൻ രശീതി (SC/ST വിഭാഗങ്ങൾ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പും ഹാജരാക്കണം) എന്നിവ സഹിതം മാർച്ച് 20 ന് വൈകിട്ട് 5 മണിക്ക് മുമ്പ് Head of the Department, Department of Commerce & Management Studies, Calicut University (PO), University of Calicut, Malappuram – 673635 എന്ന വിലാസത്തിൽ സമർപ്പിക്കണം.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.cuonline.ac.in)

ഫോൺ : 0494 2407016, 2407363.

ഡയറക്ടർ

C.U. Campus
08.03.2019